DITTO WS

Reg. No. : ......................................

Name : ...........................................

**SY-08**

# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2020

Part – II

Time : 2 $\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം. (4 × 2 = 8)**

1. കിരാതവൃത്തത്തിലെ കാട്ടാളന്റെ തീവ്രദുഃഖത്തെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ എടുത്തെഴുതുക.

   - അമ്പിളി കളമെഴുതിപ്പാടിയ രാവുകൾ
   - കണ്ണിൽ നിന്ന് ഊറിയടർന്ന തീത്തുള്ളി
   - ഈറൻ മുടി കോതിയ സന്ധ്യകൾ
   - കരളിൽ നുറുങ്ങിയ നട്ടെല്ല്

2. കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ ഈ വാക്കുകളിലൂടെ ശകുന്തള സൂചിപ്പിക്കുന്നത് എന്തെല്ലാം ?

- കണ്ണാടി കാണാത്ത വിരൂപന്മാർ സുന്ദരന്മാരാണെന്ന് സ്വയം വിചാരിക്കാറുണ്ട്.
- കണ്ണാടി നോക്കിയാൽ സുന്ദരന്മാർക്ക് വിരൂപന്മാരാണെന്ന് തോന്നും.
- ദുഷ്ഷന്തന് ശാരീരിക വൈരൂപ്യമുണ്ട്.
- ദുഷ്ഷന്തന് സ്വന്തം ദോഷങ്ങളെ ക്കുറിച്ച് അറിവില്ല

3. എടുത്തെന്നാലതും കുറ്റം

    എടുക്കാഞ്ഞാലതും കുറ്റം

കൊടുത്തെന്നാലതും കുറ്റം

    കൊടുക്കാഞ്ഞാലതും കുറ്റം – ഈ

വരികളിൽ കാണുന്ന കാവ്യസവിശേഷതകൾ

തിരഞ്ഞെടുത്തെഴുതുക

- താളം
- ഭക്തിരസം
- സാരോപദേശം
- ശബ്ദ ഭംഗി

4. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന ഫീച്ചറിന് ചേരുന്ന പ്രസ്താവനകൾ താഴെ പറയുന്നവയിൽ നിന്ന് എടുത്തെഴുതുക.

- വികാര ഭരിതമായ വിവരണം
- വസ്തുതാ വിരുദ്ധമായ വിവരണം
- ക്രിക്കറ്റ് നിയമങ്ങളുടെ വിസ്തൃത വിവരണം
- ആകർഷകമായ തലക്കെട്ട്

5. തനതു നാടകത്തിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയിൽ ഏതെല്ലാം?

- സംഭാഷണങ്ങൾക്ക് പ്രാധാന്യമില്ല
- കേരളീയ കലകളിൽ നിന്ന് ശൈലികൾ സ്വീകരിക്കുന്നു
- തുറന്നരംഗ വേദി ഉപയോഗിക്കുകയില്ല.
- പാട്ടും കൊട്ടും ആട്ടവും ചേർന്ന അവതരണ രീതി

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

6. 'പുരുഷരത്നം', 'ധീമാൻ', 'ഖലനല്ല' എന്നിങ്ങനെ നളനെ വിശേഷിപ്പിക്കുന്നതിലൂടെ കേശിനി ദമയന്തിയോട് സൂചിപ്പിക്കുന്നതെന്ത്?

7. "നവ മാധ്യമം എന്ന വിളിപ്പേരിനെക്കാൾ ഉചിതം സാമൂഹിക മാധ്യമം എന്നതാകുന്നു" ഈ അഭിപ്രായത്തോടുള്ള പ്രതികരണം എഴുതുക.

8. 'സാരജ്ഞനല്ലൊട്ടു മോർത്തോളം ധാത്രീശ ! ഭവാൻ' ദുഷ്ഷന്തൻ സാരം മനസ്സിലാക്കിയിട്ടില്ലെന്ന് ശകുന്തള പറയാൻ കാരണമെന്താവാം ?

9. പുലിക്കോട്ടിൽ ഹൈദറിന്റെ രചനാ സവിശേഷതകളിൽ ഒന്ന് താഴെ കൊടുക്കുന്നു. രണ്ടെണ്ണം കൂടി എഴുതുക.

- സ്ത്രീ പക്ഷത്ത് നിന്ന് ധാരാളം കൃതികൾ രചിച്ചു.

DITTO WS

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

10. കേശിനിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളെ കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ ? വ്യക്തമാക്കുക.

11. 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥ വായനക്കാരിൽ അത്ഭുതം ജനിപ്പിക്കുകയാണോ ? നിരീക്ഷണങ്ങൾ എഴുതുക.

12. സ്കൂൾ വിക്കിപീഡിയയിൽ ചേർക്കുന്നതിനുവേണ്ടി കാക്കാരശ്ശി നാടകത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക.

13. 'കുറവറ്റീടിന മുനികുലനാഥൻ' മുനികുല നാഥന് കുറവുകൾ ഇല്ല എന്ന് ശീലാവതി പറയുന്നതിനോട് യോജിക്കുന്നുണ്ടോ ? പ്രതികരണം എഴുതുക.

14. 'പരിഹാസം കലർന്ന വാക്കും നോക്കും എന്നെ സ്പർശിക്കാതെയായി' ഈ മാനോഭാവമാണോ കലാമണ്ഡലം ഹൈദരലിയുടെ വളർച്ചയ്ക്ക് സഹായകമായത് ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

15. 'നവമാധ്യമങ്ങളുടെ പ്രചാരത്തിനിടയിലും അച്ചടി മാധ്യമങ്ങൾ ജനങ്ങളെ സ്വാധീനിക്കുന്നുണ്ട്.' ഈ പ്രസ്താവന ശരിയാണോ ? വ്യക്തമാക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

16. നാടു വിട്ടു ജീവിക്കുന്നതിന്റെ അസംതൃപ്തികളെ ഭാവനകൊണ്ട്, അതിജീവിക്കുന്നതിന്റെ ആവിഷ്കാരമാണോ പ്രകാശം ജലം പോലെയാണ് എന്ന കഥ ? വിശകലനം ചെയ്യുക.

17. മോഷണം, തേങ്ങ എന്നീ കവിതകൾക്ക് ചില പൊതു സ്വഭാവങ്ങളുണ്ടോ ? താരതമ്യം ചെയ്ത് വിശദമാക്കുക.

18. “കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്തശേഷമാണ് അയാളുടെ (ടി.പി. ശ്രീധരന്റെ) വിശ്വാസങ്ങളിൽ ഇങ്ങനെ ചില മാറ്റങ്ങൾ വന്നു തുടങ്ങിയത്” – ഇവിടെ നവ മാധ്യമങ്ങളുടെ സ്വാധീന ശേഷിയെ സൂചിപ്പിക്കുകയാണോ ? വിശകലനം ചെയ്യുക.

19. “കാവാലത്തിന്റെ അഗ്നിവർണൻ ഒരു വ്യക്തിയെ അല്ല ; മറിച്ചൊരു പ്രവണതയെ കൂടിയാണ് ആവിഷ്കരിക്കുന്നത്” – ഈ നിരീക്ഷണം ശരിയാണോ ? അഭിപ്രായം വിശദമാക്കുക.

20. “പ്രപഞ്ചത്തിലും മനുഷ്യരിലുമുള്ള അത്ഭുതങ്ങളുടെ വിവരണമാണ് യാത്രാ വിവരണ സാഹിത്യത്തിന്റെ രസനീയത”– ഈ അഭിപ്രായം, “ബദരിയും പരിസരങ്ങളും”, “യമുനോത്രിയുടെ ഊഷ്മളതയിൽ” എന്നീ പാഠ ഭാഗങ്ങളെ സംബന്ധിച്ച് പ്രസക്തമാണോ ? വിലയിരുത്തുക.

**കവിത വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

ദാഹവും വിശപ്പും കൊണ്ടുഴറും പഥികൻ ഞാൻ
ഭാഗധേയത്താലൊരു കനകക്കനി നേടി.
ആ നിറ, മാസ്സൗരഭ്യ, മാ മുഴുമുഴുപ്പയ്യാ
പാണിയിൽ വെച്ചാക്കനിയോമനിക്കാനേ തോന്നൂ !
അതിനെക്കൊതിപൂണ്ടു കടിച്ചു നുണഞ്ഞു ഞാൻ
അമൃതിൻ കുടമെന്നന്തരാ വാഴ്ത്തിപ്പാടി.
എങ്കിലുമുള്ളിൽ, പുഴുക്കേടിന്റെ ദുസ്വാദെന്തു സങ്കടം,
അതു തുപ്പിപ്പിന്നെയും ദംശിച്ചു ഞാൻ.
ഏതു ഭാഗത്തും ദുസ്വാദിതിനെ പിഞ്ചിൽ തന്നെ
പാടും കാട്ടാതെ ഹാ, തുരന്നല്ലോ പാഴ്ക്കീടങ്ങൾ !
സ്വച്ഛമാം നേരിനുള്ളിലെത്ര താൻ നുണ പൂഴ്ത്തി
വെച്ചിരിക്കുന്നു, ക്രൂര ഫലിതക്കാരൻ ദൈവം.

(ഉഴറുക – പ്രയാസപ്പെടുക, പഥികൻ – വഴിയാത്രക്കാരൻ ഭാഗധേയം – ഭാഗ്യം, കനി – പഴം, പാണി – കൈ അന്തരാ – മനസിൽ, ദംശിച്ചു – കടിച്ചു പാടും കാട്ടതെ – മര്യാദയില്ലാതെ )

21. കനിയെ ഓമനിക്കാൻ തോന്നാനുള്ള കാരണം എന്ത്?

22. ദൈവം ക്രൂരഫലിതക്കാരനാണ് എന്ന് പറയുന്നത് എന്തു കൊണ്ടാവാം ?

23. ഈ കവിതയിൽ നിന്ന് നിങ്ങൾക്ക് ജീവിതത്തെ കുറിച്ച് ലഭിക്കുന്ന പാഠം എന്ത് ?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

24. "അങ്ങാടിയിൽ തോൽക്കുമ്പോൾ
വേദനകൾ ദുസ്സഹമാകുമ്പോൾ
ഇപ്പോഴും ആദം ഹവ്വയെ കുറ്റപ്പെടുത്തുന്നു
നീ കാരണമാണ് നീ കാരണമാണ്"

*(കല്പറ്റ നാരായണൻ)*

പുരുഷന്റെ ഇത്തരം കുറ്റപ്പെടുത്തലുകൾക്കും അഹന്തകൾക്കും, വിധേയയാവുന്ന സ്ത്രീയെ 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കാവ്യഭാഗത്തും, അവയെ മറികടക്കുന്ന സ്ത്രീയെ 'ഗൗളീജന്മം' എന്ന കഥയിലും കാണാനാവുമോ ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

25. "മാതൃഭാഷാ പഠനത്തിന്റെയും മാതൃഭാഷയിലൂടെയുള്ള പഠനത്തിന്റെയും പ്രസക്തി" – ഈ വിഷയത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

26. സുവർണഭൂതകാലം നഷ്ടപ്പെട്ട ജനതയുടെ കോപവും ദുഃഖവും, നഷ്ടമായത് തിരിച്ചു പിടിക്കാമെന്ന പ്രത്യാശയും കിരാതവൃത്തത്തിലുണ്ട് – ഈ പ്രസ്താവന വിശകലനം ചെയ്ത് നിരൂപണം തയ്യാറാക്കുക.

---